**നോമ്പുകാലം ഒന്നാം ഞായർ**
**ലൂക്കാ 4:1-13**

**മരുഭൂമിയിലെ പരീക്ഷ**

ഫാ. ജോസഫ് നെച്ചിക്കാട്ട്

പ്രധാന സംരംഭങ്ങൾക്കൊക്കെ ആനുപാതികമായ ഒരുക്കവും തയ്യാറെടുപ്പും ആവശ്യമാണല്ലോ. യേശുവിന്റെ ജീവിതത്തിലും അതു ബാധകമാണ്. പീഡാനുഭവത്തിലേക്കും കുരിശുമരണത്തിലേക്കും നയിക്കുന്ന അവിടത്തെ പരസ്യജീവിതവും അതിപ്രധാനമായ ഒരു കാലഘട്ടമായിരുന്നു. അതു സാധിക്കുന്നതിനുമുമ്പ് ഒരുങ്ങണം, വിഷയം പിതാവുമായി ശരിക്കും ചർച്ച ചെയ്യണം - എങ്ങനെ? ഏതുവിധം? എത്രനാൾ? ബലഹീനമായ മനുഷ്യപ്രകൃതിയെ ഒന്നുകൂടി ശക്തിപ്പെടുത്തുകയും വേണം. അതിനാണ് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചത് - നീണ്ട 40 ദിവസത്തേക്ക്. തന്റെ പരസ്യജീവിതത്തിന്റെ പിന്തുടർച്ചക്കാരാകാൻ നിയുക്തമായ ശ്ലീഹന്മാരെ തെരഞ്ഞെടുക്കുന്നതിനുമുമ്പും തനിക്കു രൂപാന്തരീകരണം സാധിക്കുന്നതിനു തൊട്ടുമുമ്പും പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും മുമ്പു തോട്ടത്തിൽവച്ചും കർത്താവ് പ്രാർത്ഥിച്ചൊരുങ്ങുന്നതു കാണാം.

**40:** വിശുദ്ധ ഗ്രന്ഥത്തിൽ 40 എന്ന അക്കം പ്രധാനപ്പെട്ടതാണ്. മോശ സീനാമലയിൽ 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതിനു ശേഷമാണ് ദൈവത്തെ സമീപിക്കുന്നത്. കർത്താവിന്റെ ദൂതൻ നൽകിയ അപ്പവും വെള്ളവും സ്വീകരിച്ച് 40 ദിനരാത്രങ്ങൾ യാത്രചെയ്യാൻ ഏലിയായ്ക്കു കഴിഞ്ഞു. യേശുവും 40 ദിവസം ഉപവസിച്ചു. ശിക്ഷ വരുന്നിടത്തും ഈ 40 കടന്നുവരുന്നുണ്ട്. ജലപ്രളയം 40 ദിവസത്തേക്കായിരുന്നു. മോശയ്ക്കും കർത്താവിനുമെതിരെ പിറുപിറുത്ത ഇസ്രായേൽ ജനത്തിനും മരുഭൂമിയിലൂടെ 40 വർഷം അലയേണ്ടിവന്നു. അടിയും താഡനങ്ങളുമെല്ലാം 40 എണ്ണത്തിൽ ഒതുങ്ങണമായിരുന്നു. എല്ലാറ്റിന്റെയും പരിഹാരമായ യേശുവിന്റെ പരസ്യജീവിതത്തിന്റെയും പീഡാനുഭവത്തിന്റെയും തയ്യാറെടുപ്പും 40 ദിവസത്തിലാണ് എത്തിനിൽക്കുന്നത്. പാപപരിഹാരാർത്ഥം നമ്മളും അതേ മോഡലിൽ നോമ്പ് ആചരിക്കുകയാണ് - വിശുദ്ധ വാരത്തിനും വിഭൂതിക്കുറിക്കുമിടക്കുള്ള 40 ദിവസങ്ങളിൽ.

**വിശപ്പും മറ്റും:** 40 ദിവസത്തെ ഉപവാസത്തിനുശേഷം അവനു വിശന്നു എന്നാണ് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത്. അവിടവിടെ ചിതറിക്കിടക്കുന്ന കുമ്മായക്കല്ലുകൾപോലും കടിച്ചുതിന്നാൻ പോരുന്ന വിശപ്പ്! വിശപ്പിനോളം വികാരതീവ്രതയുള്ള മറ്റെന്താണുള്ളത്? അതുകൊണ്ടല്ലേ വിശന്നുവലഞ്ഞ ഇസ്രായേൽക്കാർക്ക് ദൈവം മന്ന വർഷിച്ചുകൊടുത്തത്? സാബത്തിൽ കതിരുകൾ പറിച്ചു തിന്നാൻ പോലും ശിഷ്യന്മാർ മുതിരുന്നത്? പുരോഹിതർക്കല്ലാതെ മറ്റാർക്കും ഭക്ഷിക്കാൻ അനുവാദമില്ലാതിരുന്ന കാഴ്ചയപ്പം ദാവീദും അനുചരന്മാരും ഭക്ഷിക്കുന്നത് (1 സാമു 21).

**ബലഹീനതയും പ്രലോഭകനും:** എവിടെ ബലഹീനതയുണ്ടോ അവിടേയ്ക്കു പ്രലോഭനവും എത്തിച്ചേരും. വിശന്നുവലഞ്ഞ ഏസാവ് പയർപായസത്തിനു മുമ്പിൽ വീണുപോയില്ലേ? വിലക്കപ്പെട്ട കനി തിന്നാൻ ആദിമാതാപിതാക്കൾ പ്രേരിതരായിടത്തും അതിരുവിട്ട അതിമോഹമുണ്ട്.

**യേശുവും പ്രലോഭനവും:** യേശു ദൈവപുത്രനാണെന്ന് സാത്താന് അറിയാമായിരുന്നു. ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്ന സ്വർഗീയസ്വരം തൊട്ടുമുമ്പുതന്നെ മാമ്മോദീസാവേളയിൽ അവൻ കേട്ടതാണ്. അതുകൊണ്ട് ഇവിടെ ആ തന്ത്രം പ്രയോഗിച്ചാൽ യേശു വീഴുമെന്ന് അവൻ ഉറപ്പിച്ചു. പക്ഷേ യേശു വീണില്ല - കല്ല് അപ്പമാക്കാനും ദൈവാലയ ഗോപുരത്തിൽനിന്നും താഴേക്കു ചാടാനും കൂട്ടാക്കിയില്ല. എങ്കിലും, യേശു വീണു. അത് സാത്താൻ പ്രതീക്ഷിച്ച വിധത്തിലായിരുന്നില്ല. അപ്പം ഉണ്ടാക്കി അഥവാ വർദ്ധിപ്പിച്ചു. പക്ഷേ അത് അനേകായിരങ്ങളുടെ വിശപ്പ് അടക്കാനായിരുന്നു. യേശു താഴേക്കുചാടി അതായിരുന്നു ചരിത്രത്തിലെ ഏറ്റവും വലിയ ചാട്ടം - മനുഷ്യാവതാരവും കുരിശുമരണവും.

**വീഴാത്തവരും വീഴുന്നവരും:** ഒന്നു കുമ്പിട്ടാരാധിച്ചാൽ ലോകം മുഴുവൻ എന്ന പ്രലോഭനത്തിൽ യേശു വീണില്ല. പക്ഷേ, അനുയായികളിൽ അനേകർ പലതും കിട്ടുമെന്ന

പ്രതീക്ഷയിൽ വീണുപോകുന്നു – അതാണ് ചാത്തൻ സേവയ്ക്കും കറുത്ത കുർബാനയ്ക്കും പിന്നിലുള്ള യാഥാർത്ഥ്യം. അവിടെ നഷ്ടപ്പെട്ടുപോകുന്നത് സ്വന്തം ആത്മാവാണ്; സ്വർഗമാണ്; ദൈവമാണ് എന്നവർ ചിന്തിക്കുന്നതേയില്ല. സാത്താന്റെ കെണിയിൽ വീഴാതെ പിടിച്ചുനിന്ന അനേകരെയും നമുക്കു കാണാനാകും, വിശേഷിച്ചും ആദിമസഭയിൽ. റോമൻ ദൈവങ്ങളെയും ചക്രവർത്തിയെയും ആരാധിക്കാനുള്ള പ്രലോഭനത്തിൽ അവർ വീണില്ല. പകരം സ്വന്തം ജീവൻ കൊടുത്തു രക്തസാക്ഷികളായി. ഒരു പ്രലോഭനത്തെ നേരിടാൻ അടുത്തുകണ്ട മുൾപ്പടർപ്പിലേക്കു എടുത്തുചാടിയ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെക്കുറിച്ച് നാം വായിക്കുന്നില്ലേ? അവരൊക്കെ ആവണം നമ്മുടെ മാതൃകകൾ. വിജയം വരിക്കുന്നവരെ അനുമോദിക്കാൻ മാലാഖമാർ നോക്കിനിൽക്കുന്നുണ്ടാവും – യേശുവിന്റെ കാര്യത്തിലെന്നപോലെ (മത്താ 4:11).